LIBRARY ARCHIVES Kerala Legislative Assembly

കുഴൽമന്ദം മണ്ഡലത്തിലെ മണിയമ്പാറ 33 കെ. വി. സബ്സ്റ്റേഷൻ

157 [3562] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട മണിയമ്പാറ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് കാര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിടാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനുവേണ്ടി നാളിതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) മണിയമ്പാറ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കാനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ അവസാന ഘട്ടത്തിലാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) നെഗോഷ്യേറ്റഡ് പർച്ചേസ് കമ്മിറ്റിയും സ്ഥലം ഉടമയുമായി ചർച്ച നടത്തി തീരുമാനം എടുക്കാൻ വൈകിയതാണ് കാലതാമസം നേരിട്ടത്.

(ഡി) തുകയൊന്നും ചെലവഴിച്ചിട്ടില്ല.

വിഴിഞ്ഞത്ത് പ്രവർത്തിക്കുന്ന ഐസ് പ്ലാന്റുകൾക്ക് അഡീഷണൽ ഡിപ്പോസിറ്റ്

158 [3563] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കെ. എസ്. ഇ. ബി.-യുടെ വിഴിഞ്ഞം സെക്ഷന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ഐസ് പ്ലാന്റുകൾക്ക് മൂന്നുലക്ഷം രൂപവരെ അഡീഷണൽ ഡിപ്പോസിറ്റ് അടയ്ക്കാൻ നോട്ടീസ് നൽകിയിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരത്തിലുള്ള നോട്ടീസ് നൽകാൻ ഇടയായ സാഹചര്യം വ്യക്തമാക്കാമോ;